# ലൈംഗികശേഷിയും കുറേ മിഥ്യാധാരണകളും

**മലയാളിയുടെ ലൈംഗികബോധങ്ങൾ 3**

പ്രശാന്ത് പരമേശ്വർ

കേരളത്തിലെ വിവാഹിതരായ പുരുഷന്മാരെ ബാധിച്ചിരിക്കുന്ന ഒരു മഹാമാരിയായി 'ലൈംഗികശേഷിക്കുറവ്' എന്നത് മാറിയിരിക്കുന്നുവെന്നത് ഏറെക്കുറെ എല്ലാ സെക്സോളജിസ്റ്റുകളും അംഗീകരിച്ചിട്ടുള്ളതാണ്. കേരളത്തിനകത്തും പുറത്തും ഇതിന്മേൽ വളരെക്കുറച്ച് പഠനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളൂ. ഈയിടെ നടത്തിയ ഒരു പഠനം വെളിപ്പെടുത്തിയ വിവരങ്ങൾ ഈ പ്രശ്നത്തിനു നേർക്ക് ഒരു കാഴ്ചപ്പാടുണ്ടാക്കാൻ ശ്രമിക്കുമെന്ന് തോന്നുന്നു. ഇന്ത്യയിൽ പത്ത് പുരുഷന്മാരിൽ ഒരാൾ വീതം ലൈംഗികശേഷി നഷ്ടപ്പെട്ടവരാണെന്ന് ദൽഹിയിലെ ആശ്‌ലോക് ആശുപത്രിയിലെ അൽഫാ വൺ ആൻഡ്രോളജി സെന്റർ 1500 പുരുഷന്മാരിൽ നടത്തിയ സർവേ വ്യക്തമാക്കുന്നു.

എട്ടു പുരുഷന്മാരിൽ ഒരാൾ വീതം ലൈംഗിക ഉദ്ധാരണ ശേഷിക്കുറവ് (ഇറക്ടൈൽ ഡിസ്ഫങ്ഷൻ) അനുഭവിക്കുന്നവരാണെന്ന് സെന്റർ ഡയറക്ടർ വിക്രം പറയുന്നു. 77 ശതമാനം പേർ ലൈംഗികശേഷിക്കുറവോ അല്ലെങ്കിൽ ശീഘ്രസ്ഖലനമോ അനുഭവിക്കുന്നുണ്ടെന്ന് പഠനങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിലും അത്തരത്തിലുള്ള അനേകം പഠനങ്ങൾ നടത്തിയിട്ടുണ്ട്. മനശാസ്ത്രജ്ഞനും സെക്സോളജിസ്റ്റുമായ ഡോ. കെ. പ്രമോദ് ലൈംഗിക ഉദ്ധാരണശേഷിക്കുറവുമായി തന്നെ സമീപിക്കുന്ന രോഗികൾ കൂടിവരുന്നതായി അഭിപ്രായപ്പെടുന്നു. ലൈംഗികതയെപ്പറ്റിയുള്ള തെറ്റായ ധാരണകളും സെക്സ് പാപമാണെന്ന ബോധവും ലൈംഗികതയെപ്പറ്റിയുള്ള അമിത ഉത്കണ്ഠകളും ലൈംഗിക ഉദ്ധാരണശേഷിക്കുറവിലേക്ക് വഴിതെളിയിക്കുന്നു. സ്ത്രീയുടെ ലൈംഗിക താല്പര്യങ്ങളെ പറ്റിയുള്ള തെറ്റിദ്ധാരണകൾ വച്ചുപുലർത്തുന്ന പുരുഷന്മാരുമുണ്ട്. നിസ്സാരമായ ചികിത്സയിലൂടെ ലൈംഗികമിഥ്യാധാരണകൾ തീർത്ത നിരവധി അനുഭവങ്ങളുണ്ടെന്ന് ഡോ. പ്രമോദ് പറയുന്നു.

കേരളീയ ജനതയുടെ മാനസികാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ ലൈംഗികതയുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. ഉപഭോഗസംസ്കാരവും വർദ്ധിച്ച ജീവിത ചെലവും മൂലം നട്ടംതിരിയുന്ന ജനതയ്ക്ക് ലൈംഗികതയിൽ താല്പര്യം കുറയുക സ്വാഭാവികം. മാനസികസമ്മർദ്ദങ്ങളും, ലിംഗത്തിലേക്കുള്ള രക്തപ്രവാഹം കുറയൽ, പുകവലിയും പ്രമേഹവും വരെ ലൈംഗികശേഷിക്കുറവിന് ഇടവരുത്തുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.



രണ്ടുതരത്തിലുള്ള ഷണ്ഡതകളാണുള്ളത്. പ്രാഥമികവും ദ്വിതീയവും. ലൈംഗികജീവിതത്തിന്റെ തുടക്കക്കാലത്ത് അനുഭവപ്പെടുന്നത് പ്രാഥമികവും കുറേ കാലം കഴിഞ്ഞ് ഉദ്ധാരണശേഷി നഷ്ടപ്പെടുന്നത് ദ്വിതീയവും.

ഒ. ആർ. ജി. മാർഗ് ഒരു പ്രസിദ്ധീകരണത്തിനു വേണ്ടി നടത്തിയ പഠനത്തിൽ ലൈംഗികബന്ധം ഒരു ചടങ്ങായി മാത്രം കരുതുന്ന 78% ഭർത്താക്കന്മാരും 93%ഭാര്യമാരും ഉണ്ടെന്നു വെളിപ്പെടുത്തിയിട്ടുണ്ട്. ലൈംഗിക അതൃപ്തി 30% പുരുഷന്മാർക്കും 18% സ്ത്രീകൾക്കും ഉണ്ടെന്ന് അവർ കണ്ടെത്തി. എത്രമാത്രം വിശ്വാസയോഗ്യമാണ് ഈ കണ്ടെത്തലുകൾ എന്നത് പരിശോധിക്കേണ്ടതുണ്ട്. ലൈംഗികബന്ധത്തിലെ സ്ത്രീപങ്കാളിത്തവും പുരുഷകേന്ദ്രീകൃതസ്വഭാവവും സ്ത്രീവേദികളിൽ ചർച്ചാവിഷയമാണ്. കിടപ്പറകളിൽ സ്ത്രീവികാരങ്ങളെ മാനിക്കാതെയുള്ള പെരുമാറ്റങ്ങളാണ് നടക്കുന്നതെന്ന് അവർ പരാതിപ്പെടുന്നു. എന്തുതന്നെയായാലും അസംതൃപ്തരായ നല്ലൊരു വിഭാഗം സ്ത്രീജനങ്ങൾ നല്ലൊരു കുടുംബജീവിതത്തിന് ഉപകരിക്കുകയില്ലെന്നത് വസ്തുതയാണ്.

മനശാസ്ത്രചികിത്സയും, സെക്സോളജി ക്ലിനിക്കുകളും വർദ്ധിച്ചുവരുന്നതും ഇത്തരം വിഷയങ്ങൾ തുറന്ന ചർച്ചയ്ക്കു വരുന്നതും ഈയിടെയാണ്. ലൈംഗികവിദ്യാഭ്യാസവും ശാരീരികവും മാനസികവുമായ ചികിത്സാരീതികൾ സംയോജിപ്പിക്കുന്ന ആൻഡ്രോളജിയും പരിഹാരമാർഗ്ഗമായി ചിലർ നിർദ്ദേശിക്കുന്നു. വയാഗ്ര പോലുള്ള ലൈംഗിക ഉത്തേജന മരുന്നുകൾ ഉണ്ടാക്കുന്ന പാർശ്വഫലങ്ങൾ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ ലൈംഗിക ഉത്തേജനത്തിനായി പലരും ഇത്തരം മരുന്നുകൾ അകത്താക്കി വെട്ടിലാകുന്നുണ്ട്. അമേരിക്കയിൽത്തന്നെ 530മരണങ്ങൾ ഇത്തരത്തിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(തുടരും)